**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 331** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാവുന്നതോടെ തീരത്തെത്തുന്ന കൂറ്റൻ മദർ വെസലുകളുടെയും വൻകിട കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കായി സൗകര്യമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തുറമുഖത്തിൽ വരുന്ന വൻകിട കപ്പലുകൾക്ക് ചെറിയ തോതിലുള്ള അറ്റകുറ്റ പണികൾക്കായി സൗകര്യം ഒരുക്കുവാൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട കപ്പൽ റിപ്പയർ സംരംഭകർ വിഴിഞ്ഞം കോൺക്ലേവിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു. ഇവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് VISL മായും കേരള മാരിടൈം ബോർഡുമായും പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ട്. |
| (ബി) | കേന്ദ്ര ഫിഷിംഗ് മന്ത്രാലയവും കൊച്ചിൻ ഷിപ്പ്‌യാർഡും നടത്തിയ പഠനങ്ങളിൽ പൂവാർ തീരം കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നുവോ; വ്യക്തമാക്കുമോ; | (ബി) | പൂവാറിൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് ഭാരിച്ച ചെലവ് വേണ്ടിവരുമെന്നും നെയ്യാർ കടലുമായി ചേരുന്ന ഭാഗമാണ് പൂവാർ എന്നതിനാൽ സിൽറ്റേഷൻ സാദ്ധ്യതയുള്ളതി നാലും ഗണ്യമായ രീതിയിൽ ഡ്രഡ്ജിംഗ് വേണ്ടിവരും എന്നുമാണ് പഠനങ്ങളിൽ കണ്ടെത്തിയത്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-10-2017 ൽ ചേർന്ന യോഗത്തിൽ പൂവാറിൽ റോഡ്, റെയിൽ കണക്ടിവിറ്റിയുടെ അപര്യാപ്തത, ഭൂമിയുടെ ഉയർന്ന മൂല്യം എന്നിവ കണക്കിലെടുത്തും ബോംബെ തുറമുഖത്ത് കപ്പൽ അറ്റകുറ്റപ്പണികൾക്കായി സ്ഥലം ഏറ്റെടുത്ത് പദ്ധതിയു മായി മുന്നോട്ട് പോകുന്നതിനാലും കൊച്ചിൻ ഷിപ്പ് യാർഡ് അസൗകര്യം പ്രകടിപ്പിച്ചതിനാൽ പൂവാറിൽ കപ്പൽ നിർമ്മാണശാല ആരംഭിക്കുന്ന വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചിരുന്നില്ല . |
| (സി) | വിഴിഞ്ഞം പ്രധാന കയറ്റിറക്കുമതി തുറമുഖമാക്കുന്നതും അതിന് അനുബന്ധമായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം വികസിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക-വ്യാവസായിക | (സി) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ പലവിധ പരിപാടികൾ നടത്തിവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചു നിർത്തുക |

| | | | |
|---|---|---|---|
| | വളർച്ചയ്ക്ക് എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | | എന്ന ലക്ഷ്യത്തോടെയുള്ള നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി നടന്നു. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വിഐഎസ്എൽ) തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടിസിസിഐ) ചേർന്ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ 300-ലധികം പ്രതിനിധികളും അൻപതിലധികം കമ്പനികളും പങ്കെടുക്കുകയും ചെയ്തു. വിഴിഞ്ഞം കേരളത്തിന്റെ വ്യാവസായിക രംഗത്ത് നൽകുന്ന സാധ്യതകളെല്ലാം വിഴിഞ്ഞം കോൺക്ലേവിലൂടെ നിക്ഷേപകർക്ക് മുന്നിലെത്തിക്കാൻ സാധിച്ചു. കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യാവസായിക പുരോഗതിക്കും ഇത് വഴി ഒരുക്കുമെന്ന് കരുതുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഒരുവർഷത്തോളം സമയം കണക്കാക്കിയിരുന്നെങ്കിലും മൂന്നുമാസത്തിനുള്ളിൽ നൂറിലേറേ കപ്പലുകൾ വന്നുപോയത് ഏറെ പ്രതീക്ഷ നൽകുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028-ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യത ഉണ്ടാകുമെന്ന വിലയിരുത്തലിൽ ഒരു പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം രൂപികരിക്കുന്നുണ്ട്. |
| (ഡി) | ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ഒരു ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ പലവിധ പരിപാടികൾ നടത്തിവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെയുള്ള നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി നടന്നു. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വിഐഎസ്എൽ) തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടിസിസിഐ) ചേർന്ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ 300-ലധികം |

| | | | |
|---|---|---|---|
| | | | പ്രതിനിധികളും അൻപതിലധികം കമ്പനികളും പങ്കെടുക്കുകയും ചെയ്തു. വിഴിഞ്ഞം കേരളത്തിന്റെ വ്യാവസായിക രംഗത്ത് നൽകുന്ന സാധ്യതകളെല്ലാം വിഴിഞ്ഞം കോൺക്ലേവിലൂടെ നിക്ഷേപകർക്ക് മുന്നിലെത്തിക്കാൻ സാധിച്ചു. കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യാവസായിക പുരോഗതിക്കും ഇത് വഴി ഒരുക്കുമെന്ന് കരുതുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഒരുവർഷത്തോളം സമയം കണക്കാക്കിയിരുന്നെങ്കിലും മൂന്നുമാസത്തിനുള്ളിൽ നൂറിലേറേ കപ്പലുകൾ വന്നുപോയത് ഏറെ പ്രതീക്ഷ നൽകുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028-ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യത ഉണ്ടാകുമെന്ന വിലയിരുത്തലിൽ ഒരു പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം രൂപികരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ